F.Y.
March 2013

528

Part - III

# POLITICAL SCIENCE

Maximum : 80 Scores

Time : 2½ Hours
Cool off time : 15 Minutes

***General Instructions to Candidates :***

- There is a 'Cool off time' of 15 minutes in addition to the writing time of 2½ hrs.
- You are neither allowed to write your answers nor to discuss anything with others during the 'cool off time'.
- Use the 'cool off time' to get familiar with questions and to plan your answers.
- Read the questions carefully before answering.
- All questions are compulsory and only internal choice is allowed.
- When you select a question, all the sub-questions must be answered from the same question itself.
- Calculations, figures and graphs should be shown in the answer sheet itself.
- Malayalam version of the questions is also provided.
- Electronic devices except nonprogrammable calculators are not allowed in the Examination Hall.

**നിർദ്ദേശങ്ങൾ :**

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും. ഈ സമയത്ത് ചോദ്യങ്ങൾക്ക് ഉത്തരം എഴുതാനോ, മറ്റുള്ളവരുമായി ആശയ വിനിമയം നടത്താനോ പാടില്ല.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം.
- ഒരു ചോദ്യനമ്പർ ഉത്തരമെഴുതാൻ തെരഞ്ഞെടുത്തു കഴിഞ്ഞാൽ ഉപ ചോദ്യങ്ങളും അതേ ചോദ്യ നമ്പരിൽ നിന്ന് തന്നെ തെരഞ്ഞെടുക്കേണ്ടതാണ്.
- കണക്ക് കൂട്ടലുകൾ, ചിത്രങ്ങൾ, ഗ്രാഫുകൾ, എന്നിവ ഉത്തര പേപ്പറിൽത്തന്നെ ഉണ്ടായിരിക്കണം.
- ചോദ്യങ്ങൾ മലയാളത്തിലും നൽകിയിട്ടുണ്ട്.
- പ്രോഗ്രാമുകൾ ചെയ്യാനാകാത്ത കാൽക്കുലേറ്ററുകൾ ഒഴികെയുള്ള ഒരു ഇലക്ട്രോണിക് ഉപകരണവും പരീക്ഷാഹാളിൽ ഉപയോഗിക്കുവാൻ പാടില്ല.

1. Your school is organizing a poster exhibition in connection with the social science fest. Your friend wishes to prepare a poster showing the functions of the Constitution of India. Help him to prepare the poster. (3)

2. Identify the author of the book, "The Republic".
   a) Laski
   b) Rousseau
   c) Plato
   d) John Locke (1)

3. "Age alone is the criteria to decide a voter."
   The above quote is seen on a board exhibited outside the inauguration hall of the political science association in your school.
   On the basis of above quote, express your views on universal adult franchise. (3)

4. Observe the following and fill up the table given below.
   a) Chief Minister b) Chief Secretary
   c) Governor d) District Collector

| Political Executive | Permanent Executive |
|---|---|
| * | * |
| * | * |

(2)

1. സാമൂഹ്യശാസ്ത്ര മേളയോടനുബന്ധിച്ച് നിങ്ങളുടെ സ്കൂളിൽ ഒരു പോസ്റ്റർ പ്രദർശനം സംഘടിപ്പിക്കുന്നു. ഭരണഘടനയുടെ ധർമ്മങ്ങൾ പ്രതിപാദിക്കുന്ന ഒരു പോസ്റ്റർ തയ്യാറാക്കുവാൻ നിങ്ങളുടെ സുഹൃത്ത് ആഗ്രഹിക്കുന്നു. നിങ്ങളുടെ സഹൃത്തിനെ ഒരു പോസ്റ്റർ തയ്യാറാക്കാൻ സഹായിക്കുക. (3)

2. 'റിപ്പബ്ലിക്' എന്ന പുസ്തകം രചിച്ചത് ആരെന്ന് കണ്ടെത്തുക.
   a) ലാസ്കി
   b) റൂസ്സോ
   c) പ്ലേറ്റോ
   d) ജോൺ ലോക്ക്. (1)

3. 'തിരഞ്ഞെടുപ്പിൽ വോട്ടവകാശം പ്രായം മാത്രം പരിഗണിച്ച് നല്കുന്നു' പൊളിറ്റിക്കൽ സയൻസ് അസ്സോസിയേഷന്റെ ഉദ്ഘാടന വേദിയുടെ പുറത്ത് ബോർഡിൽ പ്രദർശിപ്പിച്ചിരിക്കുന്ന വരികളാണ് മുകളിൽ ഉദ്ധരിച്ചിരിക്കുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ പ്രായ പൂർത്തി വോട്ടവകാശത്തെ കുറിച്ച് നിങ്ങളുടെ അഭിപ്രായം രേഖപ്പെടുത്തുക. (3)

4. താഴെ തന്നിരിക്കുന്നവ നിരീക്ഷിച്ച് പട്ടിക പൂർത്തിയാക്കുക.
   a) മുഖ്യമന്ത്രി b) ചീഫ് സെക്രട്ടറി
   c) ഗവർണർ d) ജില്ലാ കളക്ടർ

| പൊളിറ്റിക്കൽ എക്സിക്യൂട്ടീവ് | സ്ഥിര എക്സിക്യൂട്ടീവ് |
|---|---|
| * | * |
| * | * |

(2)

5. "Fundamental rights are the backbone of our democratic structure". Using this assumption, prepare a seminar paper on the fundamental rights guaranteed by the Constitution of India. (7)

6. "Free and fair election depends on the creation of an independent Election Commission". Do you agree with this statement? Substantiate your answer. (4)

7. Classify the following in the respective boxes given below :

a) Education b) Atomic energy

c) Defence d) Agriculture

e) Public health f) Forest

| Union list | State list | Concurrent list |
|---|---|---|
| * | * | * |
| * | * | * |

(3)

8. Prepare a speech to deliver at an elocution competition in connection with the Republic Day celebration on the topic, "The discretionary powers of the President of India". (3)

5. 'ഇന്ത്യൻ ജനാധിപത്യത്തിന്റെ നട്ടെല്ലാണ് മൗലിക അവകാശങ്ങൾ എന്ന് വിശേഷിപ്പിക്കുന്നു' ഇതിന്റെ അടിസ്ഥാനത്തിൽ ഇന്ത്യൻ ഭരണഘടന ഉറപ്പുനല്കുന്ന മൗലിക അവകാശങ്ങളെക്കുറിച്ച് ഒരു സെമിനാർ പേപ്പർ തയ്യാറാക്കുക. (7)

6. 'സ്വതന്ത്രവും നീതിപരവുമായ തിരഞ്ഞെടുപ്പിന് നമ്മുടെ രാജ്യത്ത് സ്വതന്ത്ര തിരഞ്ഞെടുപ്പു കമ്മീഷൻ ആവശ്യമാണ്.' നിങ്ങൾ ഈ വസ്തുത അംഗീകരിക്കുന്നുണ്ടോ? വ്യക്തമാക്കുക. (4)

7. പട്ടിക സൂചികയുടെ സഹായത്താൽ വർഗ്ഗീകരിക്കുക.

a) വിദ്യാഭ്യാസം b) ആണവോർജ്ജം

c) പ്രതിരോധം d) കൃഷി

e) പൊതുജന ആരോഗ്യം f) വനം

| കേന്ദ്ര ലിസ്റ്റ് | സംസ്ഥാന ലിസ്റ്റ് | കൺകറന്റ് ലിസ്റ്റ് |
|---|---|---|
| * | * | * |
| * | * | * |

(3)

8. റിപ്പബ്ലിക് ദിനാഘോഷത്തോട് അനുബന്ധിച്ച് സംഘടിപ്പിക്കുന്ന പ്രസംഗ മത്സരത്തിൽ അവതരിപ്പിക്കുന്നതിനായി 'ഇന്ത്യൻ രാഷ്ട്രപതിയുടെ വിവേചനാധികാരം' എന്ന വിഷയത്തിൽ ഒരു പ്രസംഗം തയ്യാറാക്കുക. (3)

9. Observe the following statements :

a) There was an outpouring of sympathy and help for the victims of the tsunami which affected a number of countries in South Asia in 2004.

b) The United Nations Organization is working with different states to try and prevent the spread of bird flu.

Do you think that global citizenship is to be strengthend based on the above statements? Substantiate your views. (3)

10. The social science teacher of your brother opines that the Indian model secularism and western model secularism are closely related. But he is not satisfied with the teacher's opinion. Give a proper reply to satisfy your brother. (3)

11. Money and muscle power play a very significant role in the Indian election system, even after several electoral reforms have been adopted. Give your suggestions to strengthen the Indian electoral reforms. (3)

9. താഴെ തന്നിരിക്കുന്ന വസ്തുതകൾ നിരീക്ഷിക്കുക.

a) 2004 ൽ സുനാമി ആഞ്ഞടിച്ചതിന്റെ ഫലമായി ദക്ഷിണേഷ്യൻ രാജ്യങ്ങൾക്ക് ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്നും സഹായം ലഭിച്ചു.

b) പക്ഷിപ്പനി പടർന്നു പിടിച്ചപ്പോൾ അത് തടയുന്നതിന് വിവിധ രാജ്യങ്ങളിൽ ഐക്യരാഷ്ട്ര സംഘടന ഫലപ്രദമായി പ്രവർത്തിച്ചു.

ഈ സംഭവങ്ങളുടെ പശ്ചാത്തലത്തിൽ ആഗോള പൗരത്വം എന്ന ആശയം ശക്തിപ്പെടുത്തേണ്ടതുണ്ടോ? നിങ്ങളുടെ കാഴ്ചപ്പാട് സമർത്ഥിക്കുക. (3)

10. നിങ്ങളുടെ സഹോദരന്റെ, സാമൂഹ്യശാസ്ത്ര അദ്ധ്യാപികയുടെ അഭിപ്രായത്തിൽ പാശ്ചാത്യ മതേതരത്വവും ഇന്ത്യൻ മതേതരത്വവും പരസ്പരം ബന്ധമുള്ളവയാണ്. എന്നാൽ നിങ്ങളുടെ സഹോദരന് ഈ അഭിപ്രായം തൃപ്തികരമായില്ല. ഉചിതമായ മറുപടിയിലൂടെ നിങ്ങളുടെ സഹോദരനെ തൃപ്തിപ്പെടുത്തുക. (3)

11. നിരവധി തിരഞ്ഞെടുപ്പ് പരിഷ്കാരങ്ങൾക്ക് ശേഷവും പണവും കായബലവും ഇന്നും ഇന്ത്യൻ തിരഞ്ഞെടുപ്പ് രംഗത്ത് നിർണ്ണായക സ്വാധീനം ചെലുത്തുന്നു. ഇന്ത്യൻ തിരഞ്ഞെടുപ്പ് പരിഷ്കരണം കൂടുതൽ ശക്തിപ്പെടുത്തുവാൻ നിങ്ങളുടെ നിർദ്ദേശങ്ങൾ സമർപ്പിക്കുക. (3)

12. Your Political Science teacher asked you to fill up the following sentences by choosing the correct options given below. Complete the sentences.

    a) Unicameral legislature :

    .................... ....................

    b) Bicameral legislature :

    .................... ....................

    (Bihar, Rajastan. Andra Pradesh, Karnataka, Arunachal Pradesh) (2)

13. A boy from your neighborhood who is studying in the high school class asked you about the law making procedure followed by the Indian legislatures. Give him a detailed explanation about the law making procedure in India. (5)

14. The spectrum license issued by the Central Government has been suspended by the Supreme Court on account of various scams alleged against it.

    On the basis of the above statement, suggest the main jurisdiction of the Supreme Court of India. (3)

12. താഴെ കൊടുത്തിരിക്കുന്നവയിൽ നിന്നും ശരിയായവ കണ്ടെത്തി വാചകങ്ങൾ പൂർത്തീകരിക്കാൻ നിങ്ങളുടെ പൊളിറ്റിക്കൽ സയൻസ് അദ്ധ്യാപകൻ ആവശ്യപ്പെടുന്നു. വാചകങ്ങൾ പൂർത്തിയാക്കുക.

    a) ഏക മണ്ഡല നിയമനിർമ്മാണ സഭ:-

    .................... ....................

    b) ദ്വി മണ്ഡല നിയമനിർമ്മാണ സഭ:-

    .................... ....................

    (ബീഹാർ, രാജസ്ഥാൻ, ആന്ധ്രാ പ്രദേശ്, കർണ്ണാടക, അരുണാചൽ പ്രദേശ്.) (2)

13. ഇന്ത്യയിലെ നിയമനിർമ്മാണ പ്രക്രിയയെകുറിച്ച് ഹൈസ്കൂൾ ക്ലാസിൽ പഠിക്കുന്ന നിങ്ങളുടെ അയൽവാസിയായ കുട്ടി ചോദിച്ചു എന്നിരിക്കട്ടെ, അയാൾക്ക് ഇന്ത്യൻ നിയമ നിർമ്മാണ പ്രക്രിയയെകുറിച്ച് വിശദമായ ഒരു വിവരണം നല്കുക. (5)

14. നിരവധി അഴിമതി ആരോപണങ്ങളെ തുടർന്ന് ടെലി കോം കമ്പനികൾക്ക് കേന്ദ്രഗവൺമെന്റ് നല്കിയ സ്പെക്ട്രം ലൈസൻസ് സുപ്രീം കോടതി റദ്ദ് ചെയ്തു. മേൽ പ്രസ്താവനയുടെ അടിസ്ഥാനത്തിൽ സുപ്രീം കോടതിയുടെ പ്രധാന അധികാര പരിധികൾ നിർദ്ദേശിക്കുക. (3)

15. Some of the major committees are listed below. Identify the committee recommended constitutional recognition for local government bodies in 1989.

a) Sadiq Ali committee

b) Balwant Rai Mehta committee

c) P. K. Thungan committee

d) Asok Mehta committee (1)

16. One of your friends, Anannya from the science class asked you about the procedures of amendment of the Indian Constitution, since she heard that the Indian Constitution has been amended more than a hundred times. Give her the details of the amendment procedure of the Indian Constitution. (5)

17. "No sanction to the Hydel project in Athirapally." It is a news caption in a recent daily newspaper. Do you think the proposed hydel project would damage the ecological fragility at Athirapally? Write a short note on the environmental cost of development. (3)

15. പല പ്രധാനപ്പെട്ട കമ്മിറ്റികൾ താഴെ കൊടുത്തിരിക്കുന്നു. ഇതിൽ 1989 ൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് ഭരണഘടനാ പരമായി സാധുത നല്കിയ കമ്മിറ്റി ഏതെന്ന് കണ്ടെത്തുക.

a) സാദിക് അലി കമ്മിറ്റി

b) ബലവന്തറായി മേത്ത കമ്മിറ്റി

c) പി. കെ. തുംഗൻ കമ്മിറ്റി

d) അശോക് മേത്താ കമ്മിറ്റി (1)

16. 100 ലധികം തവണ ഇന്ത്യൻ ഭരണഘടന ഭേദഗതി ചെയ്തിട്ടുണ്ട് എന്ന് അറിയാൻ ഇടയായ നിങ്ങളുടെ സയൻസ് ക്ലാസിലെ സുഹൃത്ത് അനന്യ, ഭരണഘടന എങ്ങനെയാണ് ഭേദഗതി ചെയ്യുന്നത് എന്ന് നിങ്ങളോടു ചോദിച്ചു. അവൾക്ക് ഇന്ത്യൻ ഭരണഘടനാ ഭേദഗതി നടപടി ക്രമങ്ങളെ കുറിച്ച് ഒരു വിവരണം നല്കുക. (5)

17. 'ആതിരപ്പള്ളി വൈദ്യുത പദ്ധതിക്ക് കേന്ദ്രാനുമതി ഇല്ല.' അടുത്ത കാലത്ത് ഇറങ്ങിയ ഒരു ദിന പത്രത്തിലെ വാർത്തയാണിത്. ആതിരപ്പള്ളി പദ്ധതി അവിടുത്തെ പരിസ്ഥിതി ദുർബലത നശിപ്പിക്കുമെന്ന് നിങ്ങൾ കരുതുന്നുണ്ടോ? 'വികസനം പരിസ്ഥിതിയുടെ ചെലവിൽ' എന്ന വിഷയത്തെ കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക. (3)

18. A cricket match between India and Pakistan augments the tension of everybody. We all would like to win the match.
On the basis of the above statement, point out the major factors moulding Indian nationalism. (3)

19. In a seminar, one of your classmates explained that the Indian Constitution is based on some major political philosophy. Identify the major political philosophies that our Constitution is made up of. (2)

20. "The present day world faces many challenges and threats to peace." Identify the major challenges to peace and give your suggestions to maintain world peace. (5)

21. In the inaugural speech of the Human Rights club in your school, the District Panchayath president stated that "Political Science should be taught in every discipline since India is a democratic nation." Do you agree with this argument? Express your views. (4)

18. ഇന്ത്യ - പാക്കിസ്ഥാൻ ക്രിക്കറ്റ് എവരുടേയും ടെൻഷൻ വർദ്ധിപ്പിക്കുന്ന ഒന്നാണ്. ഇന്ത്യയുടെ വിജയം മാത്രമാണ് നാം എവരും ആഗ്രഹിക്കുന്നത്. മേൽ പ്രസ്താവനയുടെ അടിസ്ഥാനത്തിൽ ദേശീയത ശക്തിപ്പെടുത്തുന്ന ഘടകങ്ങൾ ഏതെല്ലാമാണെന്ന് ചൂണ്ടികാണിക്കുക. (3)

19. ചില രാഷ്ട്രീയ തത്ത്വശാസ്ത്രത്തിന്റെ അടിസ്ഥാനത്തിലാണ് ഇന്ത്യൻ ഭരണഘടന രൂപപ്പെട്ടതെന്ന് ഒരു സെമിനാർ അവതരണ വേളയിൽ നിങ്ങളുടെ സുഹൃത്ത് അഭിപ്രായപ്പെട്ടു. ഏതെല്ലാം രാഷ്ട്രീയ തത്ത്വശാസ്ത്രങ്ങളെ അടിസ്ഥാനമാക്കിയാണ് ഇന്ത്യൻ ഭരണഘടന രൂപം കൊടുത്തിട്ടുള്ളത് എന്ന് തിരിച്ചറിയുക. (2)

20. ലോകം ഇന്ന് സമാധാനത്തിനു നേരെ കടുത്ത വെല്ലുവിളിയും ഭീഷണിയും നേരിടുന്നുണ്ട്. ലോക സമാധാനത്തിനെതിരെയുള്ള പ്രധാന വെല്ലുവിളികൾ കണ്ടെത്തുകയും സമാധാനം നിലനിർത്താൻ ആവശ്യമായ നിർദ്ദേശങ്ങൾ നല്കുകയും ചെയ്യുക. (5)

21. നിങ്ങളുടെ സ്കൂളിലെ മനുഷ്യാവകാശ ക്ലബ്ബിന്റെ ഉദ്ഘാടന വേളയിൽ ഇന്ത്യ ഒരു ജനാധിപത്യ രാജ്യമാകയാൽ രാഷ്ട്രതന്ത്ര ശാസ്ത്രം എല്ലാ പഠന വിഭാഗങ്ങളിലും ഉൾപ്പെടുത്തണമെന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഭിപ്രായപ്പെട്ടു. ഈ വാദഗതിയോട് നിങ്ങൾ യോജിക്കുന്നുണ്ടോ? നിങ്ങളുടെ കാഴ്ചപ്പാട് വ്യക്തമാക്കുക. (4)

22. Siji was reading her social science textbook. In the Civics part, the terms, "negative freedom" and "positive freedom" were used. But she is confused with these terms. Help Siji to distinguish between these terms and give their meanings. (4)

23. "Political liberty is meaningless without economic equality." Comment. (2)

24. In a classroom discussion, your friend opined that India has taken different steps to secure social justice to its citizens. Do you have the same opinion or not? Express your views. (3)

25. Classify the following rights with their appropriate headings.

a) Right to contest elections

b) Right to adequate wages

c) Right to approach a court of law (3)

22. സാമൂഹ്യ ശാസ്ത്ര പുസ്തകം വായിച്ചു കൊണ്ടിരുന്ന സിജിക്ക് പൗരധർമ്മ ഭാഗത്ത് ഉപയോഗിച്ചിരുന്ന നിഷേധാത്മക സ്വാതന്ത്ര്യം, ക്രിയാത്മക സ്വാതന്ത്ര്യം എന്നീ പദങ്ങളുടെ അർത്ഥം മനസ്സിലാക്കുവാൻ കഴിഞ്ഞില്ല. ഈ പദങ്ങൾ വേർതിരിച്ച് അർത്ഥം മനസ്സിലാക്കുവാൻ സിജിയെ സഹായിക്കൂ. (4)

23. 'സാമ്പത്തിക സമത്വം ഇല്ലെങ്കിൽ രാഷ്ട്രീയ സ്വാതന്ത്ര്യം അർത്ഥശൂന്യമാണ്' അഭിപ്രായം രേഖപ്പെടുത്തുക. (2)

24. ഒരു ക്ലാസ് ചർച്ചയിൽ പൗരന്മാരുടെ സാമൂഹ്യനീതി ഉറപ്പുവരുത്തുവാൻ ഇന്ത്യ പല നടപടികളും സ്വീകരിച്ചിട്ടുണ്ട് എന്ന് നിങ്ങളുടെ സുഹൃത്ത് അഭിപ്രായപ്പെട്ടു. നിങ്ങൾക്കും ഇതേ അഭിപ്രായം തന്നെയാണോ? നിങ്ങളുടെ കാഴ്ചപ്പാട് വ്യക്തമാക്കുക. (3)

25. താഴെ കൊടുത്തിരിക്കുന്ന വിവിധ അവകാശങ്ങളെ അനുയോജ്യമായ ശീർഷകത്തിൽ തരം തിരിച്ചെഴുതുക.

a) തിരഞ്ഞെടുപ്പിൽ മത്സരിക്കാനുള്ള അവകാശം

b) പര്യാപ്തമായ ശമ്പളത്തിനുള്ള അവകാശം

c) കോടതിയെ സമീപിക്കുവാനുള്ള അവകാശം. (3)